ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ 30-9-1986 വരെ 79 പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി, സി) സംസ്ഥാനത്ത് ഇനിയും വൈദ്യുതീകരിക്കാനുള്ള പട്ടിക വർഗ്ഗ കോളനികളുടെയും സെറ്റിൽമെന്റുകളുടെയും കണക്ക് ഇലക്ട്രിസിറ്റി ബോർഡ് സൂക്ഷിക്കുന്നില്ല. ഡിസ്ട്രിക്റ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്കു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക മുൻഗണന കൊടുത്ത് ബോർഡ് വൈദ്യുതീകരണ ജോലികൾ ചെയ്യുന്നു എന്നതാണ് നടപടിക്രമം. ശുപാർശചെയ്യപ്പെട്ടിട്ടുള്ള കോളനികൾ കഴിയുന്നതും ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

മലബാറിലെ വോൾട്ടേജ്

593. [809] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുമോ ;

(ബി) ശ്രീകണ്ഠപുരം സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) എന്നത്തേക്കു ഇതു പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ ഒരു സബ്സ്റ്റേഷനും കുറ്റിയാടി കണ്ണൂർ 110 കെ. വി. ലൈനും കമ്മിഷൻ ചെയ്തു കഴിഞ്ഞു. മട്ടന്നൂർ സബ്സ്റ്റേഷന്റെ പണി മിക്കവാറും പൂർത്തിയായി. ഇതു 1986 ഡിസംബറിൽ കമ്മീഷൻ ചെയ്യാമെന്നാണു പ്രതീക്ഷിക്കുന്നത്. ചേലാറി, കൊയിലാണ്ടി എന്നീ സബ് സ്റ്റേഷനുകളുടെ പണിയും തലശ്ശേരി 66 കെ. വി. സബ് സ്റ്റേഷൻ 110 കെ. വി. ആക്കുന്ന ജോലിയും അടുത്ത വർഷം പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. ചിറ്റൂർ മുള്ളേരിയ എന്നീ സബ് സ്റ്റേഷനുകളുടെയും, കഞ്ഞിക്കോട്-ചിറ്റൂർ, തിരൂർ, ഇടപ്പാൾ, കാസർഗോഡ് മുള്ളേരിയ എന്നീ ലൈനുകളുടെയും പണി തുടങ്ങികഴിഞ്ഞു.

കൂടാതെ ലോകബാങ്കിന്റെ സഹായത്തോടുകൂടി കണ്ണൂരും കാസർഗോഡും ഓരോ 220 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഇടുക്കി-കോഴിക്കോട്, കോഴിക്കോട്-കണ്ണൂർ, കണ്ണൂർ-കാസർഗോഡ് എന്നീ 220 കെ. വി. ലൈനുകൾ വലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രീകണ്ഠപുരം സബ് സ്റ്റേഷനാവശ്യമായ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) 1988-89-ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly